# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2136

05/05/2017 -ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷക കടാശ്വാസ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ് എം.തോമസ്. | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ക്ഷീരകർഷക കടാശ്വാസ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് ഇതുവരെ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ; | (എ) ക്ഷീരകർഷക കടാശ്വാസ പദ്ധതിയ്ക്കായി 5 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിച്ച് 2285 കർഷകർക്ക് ഇതിന്റെ പ്രയോജനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ബാങ്ക് വായ്പയെടുത്ത് വാങ്ങിയ പശുക്കൾ ചത്തു പോയതു മൂലമോ ഉല്പാദനം കുറഞ്ഞത് മൂലമോ വായ്പ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം ഒരു കർഷകന് ഒരു കറവപശുവിന് 20,000/-രൂപ പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ധനസഹായമാണ് നൽകിയത്. ടി തുക അവരുടെ ബാങ്ക് വായ്പ അക്കൗണ്ടിലേയ്ക്കാണ് നൽകിയത്. |

| | |
|---|---|
| (ബി) കോഴിക്കോട് ജില്ലയിൽ നിന്നും ഇതു പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ? | (ബി) കോഴിക്കോട് ജില്ലയിൽ നിന്നും 217 അപേക്ഷകൾ ലഭിക്കുകയും അതിൽ അർഹരായ 181 പേർക്ക് 47,13,000/- (നാൽപത്തിയേഴ് ലക്ഷത്തി പതിമൂവായിരം രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ